*പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം*
*ഹയർസെക്കണ്ടറി വിഭാഗം*
*ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,*
*ശാന്തി നഗർ,തിരുവനന്തപുരം-1*

**ICT Cell/1771/ DGE-HSE/2023** **14/11/2023**

# സർക്കുലർ

**വിഷയം : 2023-2024 അധ്യയന വർഷത്തെ ഒന്നാം വർഷ പരീക്ഷയുടെ പുതുക്കിയ നോമിനൽ റോൾ പരിശോധനയ്ക്കായി പ്രസിദ്ധീകരിച്ചു.**

**സൂചന : ഇതേ നമ്പറിൽ 13/10/2023 ലെ സർക്കുലർ**

2023 ഒക്ടോബർ 16 ന് സ്കൂളധികൃതരുടെ പരിശോധനക്കായി പ്രസിദ്ധീകരിച്ചിരുന്ന നോമിനൽ ലിസ്റ്റിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള അവസരം സ്കൂളുകൾക്ക് നവംബർ 13 ന് വൈകിട്ട് 5 മണി വരെ അനുവദിച്ചിരുന്നു. അഡ്മിൻ യൂസറിലുള്ള NOMINAL ROLL CORRECTION എന്ന ലിങ്കിലൂടെ സ്കൂളധികൃതർ വരുത്തിയിട്ടുള്ള തിരുത്തലുകൾ ഉൾപ്പെടുത്തിയും , സൂചനയിലുള്ള സർക്കുലർ പ്രകാരം ഐ.സി.റ്റി. സെല്ലിൽ അയച്ചുകിട്ടിയ സ്പെഷ്യൽ ഓർഡർ അഡ്മിഷൻ വിവരങ്ങൾ ഉൾപ്പെടുത്തി കൊണ്ടും നോമിനൽ റോൾ പുന:പ്രസിദ്ധീകരിച്ചിട്ടുണ്ട്. **പ്രോസ്പക്ടസ് മാനദണ്ഡങ്ങൾ അനുസരിച്ചുള്ള പ്രവേശനങ്ങൾ മാത്രം ഉൾപ്പെടുത്തി കൊണ്ടുള്ള പുതുക്കിയ നോമിനൽ റോൾ ആണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ സ്കൂൾ അധികൃതർ പുതുക്കി പ്രസിദ്ധീകരിച്ചിട്ടുള്ള നോമിനൽ ലിസ്റ്റ് നിർബന്ധമായും സൂക്ഷ്മ പരിശോധന ചെയ്യേണ്ടതാണ്.** അപ്ലോഡ് ചെയ്യുന്ന ഫോട്ടോയുടെ സംശുദ്ധി ക്ലാസ്സ് ചാർജ്ജുള്ള അദ്ധ്യാപകരാൽ ഉറപ്പ് വരുത്തുവാൻ അതത് പ്രിൻസിപ്പൽമാർ അതീവ ശ്രദ്ധ നൽകേണ്ടതാണ്.

2023-2024 വർഷത്തിൽ ഒന്നാം വർഷ പരീക്ഷ എഴുതാൻ യോഗ്യരായ എല്ലാ റഗുലർ വിദ്യാർത്ഥികളേയും ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ലിസ്റ്റിലില്ലാത്ത വിദ്യാർത്ഥികൾക്ക് പരീക്ഷയെഴുതാനാവില്ല. ഇക്കാരണം കൊണ്ടുതന്നെ സ്കൂളധികൃതർ ലിസ്റ്റ് സൂക്ഷ്മ പരിശോധന നടത്തി കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. വിദ്യാർത്ഥികളുടെ പേര് യോഗ്യതാ സർട്ടിഫിക്കറ്റിലേതുപോലെ തന്നെയെന്നു പ്രത്യേകം ഉറപ്പു വരുത്തേണ്ടതും അല്ലായെങ്കിൽ തിരുത്തൽ വരുത്തേണ്ടതുമാകുന്നു. പ്രിൻസിപ്പൾമാർ അഡ്മിഷൻ വെബ്സൈറ്റായ www.hscap.kerala.gov.in -ൽ അഡ്മിൻ യൂസറായി ലോഗിൻ ചെയ്ത് നോമിനൽ റോൾ സൂക്ഷ്മ പരിശോധനക്കുള്ള നടപടികൾ സത്വരമായി സ്വീകരിക്കണം.

സ്കൂളിൻെറ നോമിനൽ റോളുകൾ പൂർണമായോ ഭാഗികമായോ ലഭ്യമാകാതിരിക്കുകയോ നോമിനൽ റോളിൽ വിട്ടു പോയ വിദ്യാർത്ഥികളെ ഉൾപ്പെടുത്തുന്നതിനും വിവരങ്ങൾ കൂട്ടിച്ചേർക്കുന്നതിനും **സൂചന സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുക. ഇനിയും ഫോട്ടോ അപ്‌ലോഡ് ചെയ്യാത്ത സ്കൂളുകൾക്ക്** NOMINAL LIST എന്ന ലിങ്കിൽ നിന്നും ലഭ്യമാകുന്ന നോമിനൽ റോളിൽ "PHOTO" എന്ന ഫീൽഡിൽ ഓരോ വിദ്യാർത്ഥിയുടേയും പേരിനു സമീപത്തുള്ള "Browse" ബട്ടൺ ക്ലിക്ക് ചെയ്ത് നിർദ്ദിഷ്ട വലിപ്പത്തിലുള്ള കളർ/ബ്ലാക്ക് ആൻഡ് വൈറ്റ് ഫോട്ടോ അപ്‌ലോഡ് ചെയ്യാവുന്നതാണ്. **നോമിനൽ ലിസ്റ്റ് പരിപൂർണ്ണമാക്കുവാനുള്ള പൂർണ്ണ ഉത്തരവാദിത്തം ക്ലാസ് ടീച്ചറിനും പ്രിൻസിപ്പാളിനും ആയിരിക്കുന്നതാണ്. കൃത്യനിർവഹണ വീഴ്ച്ച വരുത്തുന്നവർക്കെതിരെ വകുപ്പ് തല നടപടികൾ സ്വീകരിക്കുന്നതാണ്.**

**നോമിനൽ റോൾ തിരുത്തലുകൾക്ക് വേണ്ടിയുള്ള ലിങ്ക് 2023 നവംബർ 18 ന് വൈകിട്ട് 5 മണി വരെ ലഭ്യമാകുന്നതാണ്. 2023 നവംബർ 18 നു ശേഷം യാതൊരുവിധ തിരുത്തലുകളും നോമിനൽ ലിസ്റ്റിൽ അനുവദിക്കുന്നതല്ല.**

**നോമിനൽ റോളുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളേയോ, രക്ഷാകർത്താക്കളേയോ ഒരു കാരണവശാലും ഡയറക്ടറേറ്റിലേയ്ക്കോ /ഐ.സി.റ്റി സെല്ലിലേയ്ക്കോ അയക്കരുത്. സ്കൂളധികൃതരാണ് ഐ.സി.റ്റി.സെല്ലുമായി ബന്ധപ്പെട്ട് ലിസ്റ്റ് പൂർണ്ണമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടത്.**



**ജോയിൻറ് ഡയറക്ടർ (അക്കാദമിക്)**